**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ മേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘു വായ്പാ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | തീരദേശ മേഖലയിൽ മത്സ്യവിപണനം നടത്തുന്നവർ, അനുബന്ധ മേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവർക്കായി നടപ്പാക്കിയ ലഘു വായ്പാ പദ്ധതിയാണ് **"സ്നേഹതീരം പദ്ധതി**". പദ്ധതിയുടെ ധാരണാപത്രത്തിന്റെ (MOU) കരടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സഹകരണസംഘം രജിസ്ട്രാർ സ്വീകരിച്ചു വരുന്നു. ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് സർക്കുലർ പുറപ്പെടുവിച്ച് വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | 14 ജില്ലകളിലായി 500 ഏക്കർ സ്ഥലത്ത് സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിയ കാർഷിക പദ്ധതി പ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കിയ കാർഷിക പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ ആകെ 7354 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഭിന്നശേഷിക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാനും സ്ഥിരവരുമാനം ലഭ്യമാക്കാനുമായി സഹകരണ സംഘങ്ങൾ മുഖേന 'സഹകരണം സൗഹൃദം' എന്ന പേരിൽ വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞുവെന്നും എത്ര തൊഴിലവസരം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 519 പേർക്ക് 4,30,26,072/- (നാല് കോടി മുപ്പത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുപത്തിരണ്ട് രൂപ) വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആകെ 578 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ